പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെകാര്യാലയം,
ഹയർസെക്കൻററിവിഭാഗം,
ഹൗസിങ്ബോർഡ്ബിൽഡിംഗ്,
തിരുവനന്തപുരം-1

നംബർ. **ICT Cell/1771/2/DGE-HSS/2020** **17/09/2020**

# സർക്കുലർ

**വിഷയം : ക്രിട്ടിക്കൽ കണ്ടെയ്ന്മെൻറ് സോൺ , കോവിഡ് നിരീക്ഷണം എന്നിവയിൽപ്പെട്ടവരുടെ പ്ലസ്‌വൺ പ്രവേശനം സംബന്ധിച്ച്**

**സൂചന : ഇതേ നമ്പറിലെ 14/09/2020 ലെ സർക്കുലർ**

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്രിട്ടിക്കൽ കണ്ടെയ്ന്മെൻറ് സോണിലുള്ളവർ ,കോവിഡ് നിരീക്ഷണത്തിൽ കഴിയുന്നവർ എന്നിവർക്ക് പ്ലസ്‌വൺ പ്രവേശനം നേടുന്നതിന് ഓരോ അലോട്ട്മെൻറിൻേറയും പ്രവേശനത്തിൻെറ അവസാന തീയതിക്കു മുൻപായി നേരിട്ട് സ്കൂളുകളിൽ ഹാജരാകാൻ സാധിക്കുകയില്ലെങ്കിൽ ഓൺലൈനായി പ്രവേശനം നേടുന്നതിനുള്ള സൗകര്യം ലഭ്യമാകുമെന്ന് സൂചന സർക്കുലറിലൂടെ അറിയിച്ചിരുന്നു . ഇത്തരത്തിൽ സ്കൂളിൽ ഹാജരായി പ്രവേശനം നേടാൻ സാധിക്കാത്തവർക്ക് കാൻഡിഡേറ്റ് ലോഗിനിലെ Online Joining എന്ന ലിങ്കിലൂടെ പ്രവേശനത്തിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ സ്കാൻഡ് കോപ്പികൾ**(ഓരോ സർട്ടിഫിക്കറ്റും 100 KB –ൽ താഴെ ഫയൽ വലിപ്പമുള്ള PDF ഫോർമാറ്റിലുള്ള സ്കാൻഡ് ഫയൽ ആയി)** അപ്‌ലോഡ് ചെയ്യേണ്ടതാണ്. കൂടാതെ ഒന്നാം ഓപ്ഷനിലുള്ളവർ സ്ഥിരപ്രവേശനത്തിനും അല്ലാത്തവർ സ്ഥിരപ്രവേശനത്തിനോ അല്ലെങ്കിൽ താൽക്കാലിക പ്രവേശനത്തിനോ താൽപര്യമറിയിക്കണം. ഇത്തരത്തിൽ ഓൺലൈനായി ജോയിൻ ചെയ്യാൻ സർട്ടിഫിക്കറ്റ് വിവരങ്ങൾ അപ്‌ലോഡ് ചെയ്തു കഴിഞ്ഞാൽ പ്രസ്തുത വിദ്യാർത്ഥിയ്ക്ക് അലോട്ട്മെൻറ് ലഭിച്ച സ്കൂൾ പ്രിൻസിപ്പാളിൻെറ ലോഗിനിൽ **Verify Online Admission** എന്ന ലിങ്കിൽ ആയത് ലഭ്യമാകുകയും, പ്രിൻസിപ്പാൾ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വെരിഫൈ ചെയ്ത് സാധുത ഉറപ്പാക്കി പ്രവേശനത്തിന് അനുമതി/നിരാകരിക്കൽ അതത് ദിവസം അല്ലെങ്കിൽ പ്രവേശനത്തിൻെറ അവസാന തീയതി വൈകിട്ട് 4 മണിയ്ക്ക് മുൻപായി നൽകുന്നതുമാണ്. പ്രിൻസിപ്പാളിൻെറ പ്രവേശനാനുമതി ലഭിച്ചാൽ പൊതുഖജനാവിൽ അടയ്ക്കേണ്ട തുക ഓൺലൈനായി കാൻഡിഡേറ്റ് ലോഗിനിലെ Fee Payment എന്ന ലിങ്കിലൂടെ അടച്ച് പ്രവേശന നടപടികൾ പൂർത്തീകരിക്കാവുന്നതാണ്. സ്ഥിര പ്രവേശനം നേടിയവർ ഫീസ് അടച്ചുവെന്ന് അഡ്മിൻ ലോഗിനിലൂടെ ഉറപ്പാക്കി പ്രവേശനവിവരങ്ങൾ HITC യൂസറിലെ Admission Details Entry ലിങ്കിലൂടെ നിർവഹിക്കേണ്ടതാണ്. ഇത്തരത്തിൽ ഓൺലൈൻ പ്രവേശനം നേടുന്നവർ സ്കൂളിൽ നേരിട്ട് ഹാജരാകാൻ സാധിക്കുന്ന ഏറ്റവും അടുത്ത ദിവസം സർട്ടിഫിക്കറ്റും മറ്റ് രേഖകളും PD അക്കൗണ്ടിൽ അടയ്ക്കേണ്ട ഫീസും സ്കൂൾ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അവസരത്തിൽ സത്യവിരുദ്ധമായ എന്തെങ്കിലും കണ്ടെത്തുകയാണെങ്കിൽ വിദ്യാർത്ഥിയുടെ പ്രവേശനം റദ്ദാക്കുന്നതാണ്.

ഒന്നാം അലോട്ട്മെൻറിൽ സ്കൂളിൽ നേരിട്ടെത്തിയും ഓൺലൈനായും പ്രവേശനം നേടുന്നവരുടെ പ്രവേശന വിവരങ്ങൾ അവസാന തീയതിയായ 2020 സെപ്റ്റംബർ 19 ന് വൈകിട്ട് 6 മണിയ്ക്ക് മുൻപായി തന്നെ രേഖപ്പെടുത്തി കൺഫർമേഷൻ പൂർത്തീകരിക്കാൻ എല്ലാ പ്രിൻസിപ്പൽമാരും അതീവ ശ്രദ്ധ നൽകേണ്ടതാണ്.

ജോയിൻറ് ഡയറക്ടർ (അക്കാദമിക്)